# INDIAN SCHOOL AL WADI AL KABIR

## MID TERM EXAMINATION 2022- 23

## CLASS VII (3rd Lang.), MALAYALAM

## മലയാളം

**Time Allowed: 2½ Hours** **Maximum Marks: 80**

അനുവദിച്ച സമയം: **2½** മണിക്കൂർ ആകെ മാർക്ക്**: 80**

**Date: 18-09-2022**

---

❖ **Please check this question paper contains 6 printed pages and 11 questions.**

---

**1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.**

ലോകപ്രസിദ്ധനായ വിവേകാനന്ദസ്വാമികളുടെ ഗുരുവായിരുന്നു ശ്രീരാമകൃഷ്ണ പരമഹംസർ. വളരെ സാധാരണമായ ഒരു ലളിത ജീവിതമായിരുന്നു ഈ ഹൈന്ദവ സന്ന്യാസിയുടേത്. ഒരു ദിവസം ശ്രീരാമകൃഷ്ണൻെറ ആശ്രമത്തിൽ ഒരമ്മ മകനെയും കൂട്ടി വന്നു. "അമിതമായി മധുരം കഴിക്കുന്ന ഒരു ദുശ്ശീലം ഇവനുണ്ട്, അങ്ങ് ഇവനെ ഒന്നുപദേശിക്കണം". ആ അമ്മ തൻെറ മകനെ ചൂണ്ടിക്കാട്ടി അദ്ദേഹത്തോട് പറഞ്ഞു. ഇതു കേട്ടപ്പോൾ അദ്ദേഹം ആ കുഞ്ഞിനെ നോക്കി പുഞ്ചിരിച്ചു, "ശരി... നിങ്ങൾ അടുത്തയാഴ്ചവരൂ..." അദ്ദേഹം അവരെ മടക്കിയയച്ചു. ഒരാഴ്ചക്കു ശേഷം ആ കുട്ടി അമ്മയോടൊപ്പം വീണ്ടും ആശ്രമത്തിൽ വന്നു. അദ്ദേഹം കുഞ്ഞിനെ തൻെറ മടിയിലിരുത്തി മധുരം അധികം കഴിക്കരുതെന്നു പറഞ്ഞു. അതുകൊണ്ടുണ്ടാകുന്ന ദോഷങ്ങളെക്കുറിച്ചും സ്നേഹപൂർവം അവനു മനസ്സിലാക്കികൊടുത്തു. അമ്മയും മകനും പോയ്ക്കഴിഞ്ഞപ്പോൾ അടുത്തു നിന്നിരുന്ന ശിഷ്യന്മാർ അദ്ദേഹത്തോട് ചോദിച്ചു, "ഗുരോ, ഈ ഉപദേശം ആദ്യം വന്നപ്പോൾത്തന്നെ നൽകാമായിരുന്നില്ലേ?" തൻെറ ശിഷ്യനെ നോക്കി പുഞ്ചിരിച്ചുകൊണ്ട് ശ്രീരാമകൃഷ്ണൻ പറഞ്ഞു: "ആ സമയത്ത് എനിക്കും ധാരാളം മധുരം കഴിക്കുന്ന ദുശ്ശീലം ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ

ഒരാഴ്ച കൊണ്ട് എനിക്ക് ആ ദുശ്ശീലം ഉപേക്ഷിക്കുവാൻ കഴിഞ്ഞു. അതുകൊണ്ടാണ് എനിക്ക് ആ കുട്ടിയെ ഉപദേശിക്കുവാൻ സാധിച്ചത്. നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുന്ന കാര്യങ്ങൾ മാത്രമേ മററുള്ളവരോട് ഉപദേശിക്കാവൂ." ഈ സംഭവം ശിഷ്യന്മാർക്ക് ഒരു പുതിയ പാഠമായിരുന്നു.

**ചോദ്യങ്ങൾ** **(5x2=10)**

1) ആരായിരുന്നു വിവേകാനന്ദസ്വാമികളുടെ ഗുരു?
2) എങ്ങനെയുള്ള ജീവിതമായിരുന്നു ഹൈന്ദവസന്ന്യാസിയുടേത്?
3) കുട്ടിയ്ക്ക് ഉണ്ടായിരുന്ന ദുശ്ശീലം എന്തായിരുന്നു?
4) അമ്മയും മകനും പോയിക്കഴിഞ്ഞപ്പോൾ ശിഷ്യന്മാർ ഗുരുവിനോട് ചോദിച്ചത് എന്ത്?
5) എങ്ങനെയുള്ള ഉപദേശങ്ങളാണ് നാം നൽകേണ്ടത്?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(10x1= 10)**

a) ആരുടെ പൂർവജന്മ കഥകളാണ് ബുദ്ധജാതകകഥകൾ?
(ശ്രീബുദ്ധൻെറ, ദ്രോണരുടെ, ഏകലവ്യൻെറ)

b) 'പ്രത്യുപകാരം' എന്ന പാഠഭാഗം ഏതു കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ്?
(മഹാഭാരതകഥ, ബാലകവിതകൾ, ബുദ്ധജാതകകഥകൾ)

c) 'കാക്ക' എന്ന കവിത എഴുതിയത് ആര്?
(കുമാരനാശാൻ, ജി. ശങ്കരക്കുറുപ്പ്, വൈലോപ്പിള്ളി)

d) ദ്രോണാചാര്യർ ഏകലവ്യനിൽ നിന്നും ഗുരുദക്ഷിണയായി ആവശ്യപ്പെട്ടത് എന്ത്?
(വലതുകൈയിലെ ചൂണ്ടുവിരൽ, വലതുകൈയിലെ പെരുവിരൽ, വലതുകൈയിലെ മോതിരവിരൽ)

e) എന്തു കണ്ടിട്ടാണ് ചേച്ചിക്ക് ഉമ്മ വയ്ക്കാൻ തോന്നുന്നത്?
(പൂവിൻെറ നിറം കണ്ടിട്ട്, പൂവിൻെറ ഉടുപ്പ് കണ്ടിട്ട്, പൂവിൻെറ വലിപ്പം കണ്ടിട്ട്)

f) ആകാശത്തു കിടക്കുന്ന നാളികേരപ്പൂള് ഏതാണ്?
(സൂര്യൻ, ചന്ദ്രക്കല, പുളിമരക്കൊമ്പ്,)

g) 'പൂവ് എവിടെ ഒളിച്ചിരുന്നോ' എന്നാണ് കുട്ടി ചോദിക്കുന്നത്?

(മണ്ണിനടിയിൽ, പൂന്തോട്ടത്തിനടിയിൽ, മേഘത്തിനടിയിൽ)

h) ഏകലവ്യന്റെ അച്ഛന്റെ പേരെന്ത്?

(അർജുനൻ, ഹിരണ്യധനുസ്സ്, ദ്രോണർ)

i) 'കൊച്ചുപൂവ്' എന്ന കവിത എഴുതിയത് ആര്?

(വള്ളത്തോൾ, ചെറുശ്ശേരി, ജി. ശങ്കരക്കുറുപ്പ്)

j) 'പൂവ് ആരെ കാത്തിരുന്നോ' എന്നാണ് കുട്ടി ചോദിക്കുന്നത്?

(കാറ്റിനെ, മാരിവില്ലിനെ, മറ്റുള്ള പൂക്കളെ)

**3) അർത്ഥം എടുത്തെഴുതുക** **(8x½= 4)**

a) കാളുക

(കത്തുക, കയർക്കുക, കയറുക)

b) വെല്ലുക

(വന്ദിക്കുക, ജയിക്കുക, ചൊരിയുക)

c) വിസമ്മതം

(വിചിത്രം, സമ്മതം, സമ്മതമില്ലായ്മ)

d) ചെമ്മേറും

(നല്ല കറുപ്പുള്ള, നല്ല ഭംഗിയുള്ള, നല്ല വീതിയുള്ള)

e) പുലരി

(പ്രഭാതം, പ്രമാണം, പ്രവാഹം)

f) പ്രണമിക്കുക

(വർത്തിക്കുക, വസിക്കുക, വന്ദിക്കുക)

g) വാനം

(വാഹിനി, ആകാശം, ഉന്നം)

h) തോഴി

(വിരുന്നുകാരി, തൊഴിലാളി, കൂട്ടുകാരി)

**4) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(6x½= 3)**

a) ഉക്ഥി, ഉക്ക്തി, ഉക്തി

b) സ്വാതന്ത, സ്വാർത്ഥത, സ്വാർദ്ധത

c) പ്രതീക്ക്ഷ, പ്രദീക്ഷ, പ്രതീക്ഷ

d) സമർത്തൻ, സമർത്ഥൻ, സമർദ്ധൻ

e) ഇതിരിപ്പൂവ്, ഈത്തിരിപ്പൂവ്, ഇത്തിരിപ്പൂവ്

f) ലകഷ്യം, ലക്ക്ക്ഷ്യം, ലക്ഷ്യം

**5) പര്യായപദങ്ങൾ എടുത്തെഴുതുക** **(3x1= 3)**

a) പൂവ്

(ദ്യോതം, സുമം, ശരം, കുസുമം)

b) കാട്

(കാനനം, ഭവനം, വനം, നയനം)

c) കാറ്റ്

(നരൻ, അനിലൻ, അരചൻ മാരുതൻ)

6) **ചേർത്തെഴുതുക** **(8x½= 4)**

a) ചേച്ചിക്ക്+ഒന്ന്

(ചേചിക്കന്ന്, ചേച്ചിക്കോന്ന്, ചേച്ചിക്കൊന്ന്)

b) പാടി+കളിക്കാം

(പാടീക്കളിക്കാം, പാടികളിക്കാം, പാടിക്കളിക്കാം)

c) വേട്ട+പട്ടി

(വേട്ടപട്ടി, വേട്ടപ്പട്ടി, വേട്ടപ്പെട്ടി)

d) വില്ലാളി+ആയി

(വില്ലാളിയായി, വില്ലാളിയയി, വീല്ലാളീയയി)

e) ശക്തം+ആയ

(ശക്തയായ, ശക്തമായ, ശക്തമയ)

f) കാറ്റ്+അടിച്ചു

(കറ്റിടിച്ചു, കാറ്റടിച്ചു, കാറ്റാടിച്ചു)

g) ഉണർന്ന്+എണീററു

(ഉണർന്നെണീറ്റു, ഉണർന്നേണീറ്റു, ഉണർന്നണീറ്റു)

h) ചെന്നു+അപ്പോൾ

(ചെന്നപോൾ, ചെന്നാപ്പോൽ, ചെന്നപ്പോൾ)

**7) പിരിച്ചെഴുതുക** **(8x½= 4)**

a) കുടിലിലെത്തി

(കുടിലീ+എത്തി, കുടിലിൽ+എത്തി, കുടിലിൽ+ഏത്തി)

b) ശിഷ്യനാകാൻ

(ശിഷ്യന+അക്കാൻ, ശിഷ്യൻ+അകാൻ, ശിഷ്യൻ+ആകാൻ)

c) കാത്തിരുന്നോ

(കാത്ത്+ഈരുന്നോ, കാത്ത്+ഇരുന്നോ, കാത്ത+ഇരുന്നോ)

d) കിടാത്തിയെന്നാൽ

(കിടാത്തി+എന്നാൽ, കിടാത്ത+യെന്നാൽ കിടാത്തി+യേന്നാൽ

e) എങ്ങനെയെങ്കിലും

(എങ്ങനെ+ഏങ്കിലും, എങ്ങനെ+ലെങ്കിലും, എങ്ങനെ+എങ്കിലും)

f) മരക്കൊമ്പിലിരുന്നു

(മരക്കൊമ്പിൽ+ഇരുന്നു, മരക്കൊമ്പിൽ+ഈരുന്നു, മരക്കൊമ്പിൽ+ലിരുന്നു)

g) ഗുരുദക്ഷിണയായി

(ഗുരുദക്ഷിണ+യയി, ഗുരുദക്ഷിണ+ആയി, ഗുരുദക്ഷിണ+അയി)

h) ഒരില

(ഒര+ഇല, ഒരു+ഈല, ഒരു+ഇല)

**8) എതിർലിംഗം എഴുതുക** **(3x1=3)**

a) കിടാത്തി

b) ശിഷ്യൻ

c) വേടൻ

**9) വിപരീതപദം എഴുതുക** **(4x1= 4)**

a) കിഴക്ക്

b) ഇരുട്ട്

c) സമ്മതം

d) ഉയർന്നു

10) **താഴെ കൊടുത്തിരിക്കുന്ന വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക** **(4x 2= 8)**

a) സന്തോഷിച്ചു/ അതുകണ്ടു/ കൈവിട്ടിരുന്ന/ ഉറുമ്പ്/ പ്രതീക്ഷ

b) ഉറുമ്പിന്/ ജീവൻ രക്ഷിച്ച/ തൻെറ/ നന്ദി പറഞ്ഞു/ പ്രാവ്

c) പ്രത്യുപകാരം/ സന്തോഷം/ ഉറുമ്പിനും/ തോന്നി/ ചെയ്യാനായതിൽ

d) ഉറുമ്പിനോട്/ പ്രാവിന്/ തോന്നി/ ദയ

11) **ഏതെങ്കിലും 9 <u>ചോദ്യങ്ങൾക്ക്</u> ഉത്തരം എഴുതുക** **(9x3= 27)**

a) ഏകലവ്യൻെറ ഏറ്റവും വലിയ ആഗ്രഹം എന്തായിരുന്നു?

b) പൂവിൻെറ ഉടുപ്പ് എങ്ങനെയുള്ളതാണ്?

c) ഉറുമ്പിന് ചുവട് തെറ്റാൻ കാരണമെന്ത്?

d) താരനാദം എവിടെനിന്നാണ് കേൾക്കുന്നത്?

e) കാക്ക സൂര്യപ്രകാശത്തിൻെറ തോഴിയാണെന്നു പറയുന്നത് എന്തുകൊണ്ട്?

f) പൂവിനെ കുട്ടി എന്താണ് ഉപദേശിക്കുന്നത്?

g) ആകാശത്തു കിടക്കുന്ന നാളികേരപ്പൂള് വാടിപ്പോകാൻ കാരണമെന്ത്?

h) ഏകലവ്യൻ തൻെറ ഗുരുഭക്തി തെളിയിച്ചതെങ്ങനെ?

i) പ്രാവിനെ വേടനിൽ നിന്നും ഉറുമ്പ് രക്ഷിച്ചതെങ്ങനെ?

j) ഉറുമ്പിൻെറ ക്ഷീണം മാറിയതെങ്ങനെ?

k) കവി കാക്കയെ കൂരിരുട്ടിൻെറ മകൾ എന്നു വിളിക്കുന്നത് എന്തുകൊണ്ട്?

***